**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1783** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ സ്ത്രീ-പുരുഷ അനുപാതത്തിൽ ഒന്നാം സ്ഥാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ജെ. മാക്‌സി ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. ജെ. മാക്‌സി (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** രാജ്യത്ത് ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ സ്ത്രീ-പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ആൾ ഇന്ത്യ ഹയർ എഡ്യുക്കേഷൻ സർവ്വേ (AISHE) 2021-22 റിപ്പോർട്ട് പ്രകാരം ദേശീയ ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) ദേശീയ ശരാശരി 28.4 -ഉം സംസ്ഥാന ശരാശരി 41.3 -ഉം ആണ്. ആയതിൽ Male GER ദേശീയ തലത്തിൽ 28.3 -ഉം സംസ്ഥാന തലത്തിൽ 34.1 -ഉം ആണ്. Female GER ദേശീയ തലത്തിൽ 28.5-ഉം സംസ്ഥാനതലത്തിൽ 49.0 -ഉം ആണ്.ദേശീയ തലത്തിലെ സ്ത്രീ - പുരുഷ അനുപാത സൂചിക 1.01 ആയിരിക്കേ, കേരളത്തിലേത് 1.44 ആണ്. ഇത് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഉയർന്ന ജെന്റർ പാരിറ്റി ഇൻഡക്സ് (GPI) ആണ്.

ഈ നേട്ടം കൈവരിക്കുന്നതിന് ചുവടെ ചേർക്കുന്ന കാര്യങ്ങൾ സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്;

- ഉന്നതവിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. ഈ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്നതിൽ നല്ലൊരു ശതമാനം പെൺകുട്ടികളാണ്. കേരളത്തിലെ ഗവൺമെന്റ്/എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയിഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ് ടു വിന്/ തത്തുല്ല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്.
- മെരിറ്റിന്റെയും റിസർവേഷന്റെയും അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രവേശനം
- പൊതു സർവ്വകലാശാലകളുടെയും ഗവൺമെന്റ് എയ്ഡഡ്/സ്വാശ്രയ മേഖലയിലെ കോളേജുകളുടെയും കോഴ്സുകളുടെയും വ്യാപനം
- കാലോചിതമായ കരിക്കുലം പരിഷ്കാരങ്ങൾ

- സർവ്വകലാശാലകളിലെ മികച്ച അടിസ്ഥാന സൗകര്യങ്ങൾ
- എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള പ്രത്യേകഹോസ്റ്റലുകൾ ഉൾപ്പെടെ വർദ്ധിച്ച ഹോസ്റ്റൽ സൗകര്യങ്ങൾ

**(ബി)** ഉന്നതവിദ്യാഭ്യാസം നേടുന്ന സ്ത്രീകളിൽ കൂടുതൽ പേരും തൊഴിൽ രംഗത്ത് എത്തിച്ചേരുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപെട്ടിട്ടില്ല.

ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകൾക്ക് തൊഴിൽ മേഖലയിൽ വിജയം കൈവരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ കോളേജുകളിലും പോളിടെക് നിക്ക് /എഞ്ചിനീയറിംഗ് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം സർക്കാർ നൽകിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസം നേടി തൊഴിൽ രംഗത്തേക്ക് കടന്നുവരുന്ന വനിതകൾക്ക് കഴിവുകൾ വികസിപ്പിക്കുകയും ആത്മവിശ്വാസത്തോടെ തൊഴിൽ വിപണിയിൽ വിജയം കൈവരിക്കാനും സഹായിക്കുന്നതിനായി അസാപ് കേരള നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

• ASAP കേരളയും മഹീന്ദ്ര & മഹീന്ദ്രയും സംയുക്തമായി "നാരീചക്ര - പെൺകരുത്ത്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മഹീന്ദ്ര & മഹീന്ദ്രയുടെ വ്യവസായ നിലവാരത്തിലുള്ള പരിശീലനം നേടാനും, പ്രായോഗിക അനുഭവങ്ങളിലൂടെ കഴിവുകൾ മെച്ചപ്പെടുത്താനും വനിതകൾക്ക് ഇതിലൂടെ അവസരം ലഭിച്ചു.

• വനിതാ-ശിശു വികസന വകുപ്പുമായി സഹകരിച്ച് കരിയർ ബ്രേക്ക് വന്ന വനിതകൾക്കായി യു.എസ് ടാക്സേഷൻ രംഗത്ത് മികച്ച തൊഴിലവസരമൊരുക്കുന്ന എൻറോൾഡ് ഏജന്റ് എന്ന കോഴ്സിൽ പരിശീലനം നൽകിയിട്ടുണ്ട്. കോഴ്സിന്റെ ഭാഗമായി എച്ച് & ആർ ബ്ലോക്കുമായി സഹകരിച്ച് പഠിതാക്കൾക്ക് ഇൻഡസ്ട്രി വിദഗ്ദരുമായി സംവദിക്കാനും തൊഴിൽ സാഹചര്യങ്ങൾ നേരിട്ട് മനസ്സിലാക്കാനും അവസരമൊരുക്കി.

• കാസർഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'ദർപ്പണം' യിലൂടെ ജില്ലയിലെ 218 വനിതകൾക്ക് വിജയകരമായി പരിശീലനം നൽകി അവരെ തൊഴിൽ വിപണിക്ക് അനുയോജ്യരായ പ്രൊഫഷണലുകളായി മാറ്റാൻ സാധിച്ചു. അഞ്ഞൂറോളം വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി അവരെ സ്വയംപര്യാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

• അസാപ് കേരളയും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി സംഘടിപ്പിച്ച എൻറോൾഡ് ഏജന്റ് പരിശീലന പദ്ധതിയിലെ ഉദ്യോഗാർത്ഥികളിൽ 16 പേർ ഇതിനകം പ്രമുഖ ആഗോള കമ്പനികളിൽ നിയമനം നേടി.

ആഗോള മുന്നേറ്റങ്ങളോട് ചേർന്ന് ഗവേഷണം, സംരംഭകത്വം, തൊഴിൽ നൈപുണ്യ വികസനം എന്നിവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പാഠ്യപരിഷ്കരണങ്ങളും നൈപുണ്യാധിഷ്ഠിത നടപടികളും, പ്രത്യേകിച്ച് വനിതാ വിദ്യാർത്ഥികളുടെ അക്കാദമികവും തൊഴിൽപരവുമായ മുന്നേറ്റത്തിന് ശക്തമായ അടിത്തറ ഒരുക്കുന്ന പരിഷ്കാരങ്ങളും സർവ്വകലാശാലകൾ മുഖേനയും നടന്നുവരുന്നുണ്ട്.

**(സി)** ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകൾക്ക് തൊഴിൽ മേഖലയിൽ വിജയം കൈവരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** (ബി) -യിൽ മറുപടി നൽകിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**